കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ(പി.3)90/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:23.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ(പി3)90/2020 തീയതി:23.01.2020

# തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2018 മുതൽ 21.10.2019 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.19 മുതൽ 30.10.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ പി എ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.സിനിലാൽ എം ജി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ ഇ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജ്ജ സി എസ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | സച്ചിത്ത് കെ.കെ. | 01.04.2018-31.03.2019 |
| സെക്രട്ടറി | എൻ.എം.അബ്ദുൾ ജലീൽ | 01.04.2018-28.06.2018 |
| സെക്രട്ടറി ഇൻ ചാർജ്ജ് | കെ ജെ രാജു | 29.06.2018-15.07.2018 |
| സെക്രട്ടറി | എൻ.എം.അബ്ദുൾ ജലീൽ | 16.07.2018-25.11.2018 |
| സെക്രട്ടറി ഇൻ ചാർജ്ജ് | രമ്യ സൈമൺ | 26.11.2018-16.12.2018 |
| സെക്രട്ടറി | എൻ.എം.അബ്ദുൾ ജലീൽ | 17.12.2018-31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ഷജ്ന പി.കെ. | 01.4.2018- 31.03.2019 |
| വെറ്ററിനറി സർജൻ | ജോബി ടി.ജെ. | 01.04.2018- 04.03.2019 |
| | സാജു ജോർജ്ജ് | 05.03.2019- 31.03.2019 |
| ഫിഷറീസ് സബ്ബ്. ഇൻസ്പെക്ടർ | അൻസിൽ പി.എം. | 01.04.2018- 28.10.2018 |
| | ജീന ഗോപിനാഥ് | 28.10.18- 31.3.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സിനി സി.ജെ. | 01.04.2018- 11.07.2018 |
| | ശുഭ നാരായണൻ | 12.07.2018- 22.10.2018 |
| | ശ്രീലത കെ സി | 23.10.2018- 15.01.2019 |
| | ലളിത കെ കെ | 16.01.2019- 31.03.2019 |
| ഹെഡ്മിസ്ട്രസ് | ഇ.ആർ.ഷീല | 01.04.2018- 31.03.2019 |
| ആയുർവേദ ഡോക്ടർ | എഡിസൻ പി. | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ സിഎച്ച്സി | സജീവൻ കെ.എം. | 01.04.2018- 31.03.2019 |
| അസി.സെക്രട്ടറി | രാജു കെ.ജെ. | 01.04.2018- 07.10.2018 |
| | രമ്യ സൈമൺ. | 08.10.2018- 31.03.2019 |
| അസി.എഞ്ചിനീയർ | നിഷി പി.ദേവദാസ് | 01.04.2018- 22.01.2019(F.N) |
| | ബിന്ദു കെ സി | 22.01.2019(A.N)- 19.03.2019(F.N) |
| | ബൈജു എ | 19.03.2019(A.N)- 31.03.2019 |
| വി.ഇ.ഒ., പെരിഞ്ഞനം | ഗോകുൽ ഇ.ബി. | 01.04.2018- 19.09.2018 |
| | ടിറ്റോ | 19.09.2018- 31.03.2019 |
| വി.ഇ.ഒ., പെരിഞ്ഞനം, ഓണപ്പറമ്പ് സർക്കിൾ | ആഷ കെ.ആർ. | 01.04.2018- 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത് ഇ.എം. | 01.04.2018- 31.03.2019 |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ധനകാര്യ അവലോകനം | 1-1 |
| 2 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2 |
| 3 | ആഭ്യന്തര നിയന്ത്രണം | 1-3 |
| 4 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല-മറ്റു അപാകതകൾ | 1-4 |
| 5 | വാണിജ്യഗണത്തിൽ നിന്നും വ്യവസായ ഗണത്തിലേക്ക് മാറാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-പരിശോധന അനിവാര്യം | 1-5 |
| 6 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തുവാക്കിയിട്ടില്ല | 1-6 |
| 7 | e-tender ഫോം ഫീ AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-7 |
| 8 | | 1-8 |

| | | |
|---|---|---|
| | വാടക -ലേലം ബൈലോ തയ്യാറാക്കാത്തതിനാൽ വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നു | |
| 9 | പെർമ്മിറ്റ്-അപാകതകൾ | 1-9 |
| 10 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-10 |
| 11 | പഞ്ചായത്ത് ഓഫീസ് നവീകരണം- ടെണ്ടർ കൂടാതെ റബ്കോയെ ഏൽപിച്ചു.- തനത് ആസ്തിയുടെ വികസനത്തിനായി സി.എഫ്.സി. ഗ്രാന്റ് വിനിയോഗിച്ചു. | 1-11 |
| 12 | കാർഷിക പദ്ധതികളുടെ നിർവ്വഹണം- മോണിറ്ററിംഗ് ഉറപ്പാക്കണം. | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-13 |
| 14 | വയബിലിറ്റി ഗ്യാപ് ഫണ്ട്-ചെലവിന്റെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചില്ല.-ഷ്രെഡഡ് പ്ലാസ്റ്റിക് - കയ്യൊഴിയാൻ നടപടി സ്വീകരിക്കണം | 1-14 |
| 15 | ലൈഫ് പദ്ധതി-ജനറൽ വിഭാഗം വീടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-15 |
| 16 | സംരഭകത്വ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-തിരിച്ചടവിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-16 |
| 17 | വൃദ്ധർക്ക് കട്ടിൽ-ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപത്തിനെതിരെ നടപടി സ്വീകരിച്ചില്ല. തുടർ നടപടി സ്വീകരിക്കണം | 1-17 |
| 18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -വിനിയോഗം മാർഗ്ഗരേഖാപ്രകാരമല്ല | 1-18 |
| 19 | പത്താംതരം/പ്ലസ് ടു തുല്യതാ പരീക്ഷ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 20 | ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ- ചോർച്ച സംബന്ധിച്ച് | 1-20 |
| 21 | ഓഡിറ്റ് ഇംപാക്റ്റ് | 1-21 |
| 22 | കോവിലകം ബൈപാസ് റോഡിൽ കൾവെർട്ട് നിർമാണം -പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-22 |
| 23 | ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ ബാഡ്മിന്റൺ കോർട്ട് മേൽക്കൂരക്ക് അപകടഭീഷണി | 1-23 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-24 |
| | ഭാഗം – 2<br><br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 3<br><br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 4 | |
| | | |

| | | |
|---|---|---|
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 36 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ധനകാര്യ അവലോകനം

1) ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 22/03/2018 | |
| കമ്മിറ്റി തീരുമാനം | 1 | |
| മുന്നിരിപ്പ് | 4597776 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | 12,17,84,000 | 12,43,58,000 |
| നീക്കിയിരിപ്പ് | 2023776 | |

2)സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 70,54,534 |
| വരവ് | 7,66,21,398 |
| ആകെ | 8,36,75,932 |
| ചെലവ് | 6,97,02,466 |
| നീക്കിയിരിപ്പ് | 1,39,73,466 |

3)ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11328954 | 11328954 | 11288954 | 40000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6907000 | 6907000 | 6269304 | 637696 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 55667 | 55667 | 0 | 55667 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6462000 | 6462000 | 4032073 | 2429927 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5261000 | 5261000 | 5261000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 143729 | 202291 | 346020 | 64259 | 281761 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 19332792 | 19332792 | 19332792 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5382 | 586352 | 591734 | 573149 | 18585 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| TSC | | 4620 | 1563041 | 1567661 | | 1567661 |
| ICDS | | 1738486 | 973825 | 2712311 | 423274 | 2289037 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| MN Lakshamveedu | | 715106 | 28891 | 743997 | 0 | 743997 |
| Ayurvedam | | 0 | 0 | 0 | 0 | 0 |
| MLA Fund | | 0 | 709618 | 709618 | 709618 | 0 |
| Keralolsavam | | 0 | 0 | 0 | 0 | 0 |
| Vimukthi | | 32157 | 25000 | 57157 | 21732 | 35425 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 641719 | 3628595 | 4270314 | 3587961 | 682353 |
| | ജില്ലാ പഞ്ചായത്ത് | 116800 | 1039725 | 1156525 | 1142025 | 14500 |
| തൊഴിൽ രഹിത വേതനം | | 0 | 71880 | 71880 | 71880 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI Salary | 4393980 | 6723008 | 11116988 | 7168269 | 3948719 |
| | എസ്.ബി.ഐ e-payment | 28530 | 249771 | 278301 | 128974 | 149327 |
| | കോ-ഓപ്പറേറ്റീവ് ബാങ്ക് PSCB | 657882 | 112841 | 770723 | 62540 | 708183 |
| | ട്രഷറി അക്കൗണ്ട് | 644355 | 16217135 | 16861490 | 12233020 | 4628470 |
| | J V STSB | 83803 | 4911925 | 4995728 | 4729986 | 265742 |
| HDFC | | 0 | 1450388 | 1450388 | 0 | 1450388 |
| TDCB sanitation | | 217407 | 1607252 | 1824659 | 225000 | 1599659 |

4)പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 168 | 85624781 | 114 | 48324824 | 46 | 8 | 56.43 |

5) തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5382 | 586352 | 591734 | 573149 | 18585 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Material cost+Labour) | 0 | 19332792 (1026808+ 18305984) | 19332792 | 19332792 | 0 |

6)ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 71880 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 1734800 | 407 |
| വിധവാ പെൻഷൻ | 12692100 | 3032 |
| വാർദ്ധക്യകാല പെൻഷൻ | 18636700 | 4441 |
| വികലാംഗപെൻഷൻ | 3478800 | 797 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 600600 | 139 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

# 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 28/03/19-ലെ 3-ാം നമ്പർ തീരുമാനപ്രകാരമാണ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി താഴെ കൊടുക്കുന്ന 2-1 മുതൽ 2-10 വരെയുള്ള ഖണ്ഡിക 9 വരെയുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളതെന്നും 1/ 17/8/19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ടിയാൻ സൂചിപ്പിച്ചിട്ടുള്ളത്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2886679 | 2718943 | 110961 | 62262. യഥാർത്ഥത്തിൽ 56775 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 5487 രൂപ. 6986 രൂപ തൻവർഷ advance തുക അടുത്തവർഷത്തേക്ക് |

| | | | | |
|---|---|---|---|---|
| | | | | adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 667432 രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2886679 | 2806084 | 41984 | *62326. 38611 രൂപ ബാലൻസ് വരേണ്ടിയിടത്ത് 62326 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു. 23715 വ്യത്യാസം |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(65442 /105X100)=62326 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1698755 | 1531886 | 68230 | 109981. യഥാർത്ഥത്തിൽ 98639 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 11342 രൂപ 16334 രൂപ തൻവർഷ അധിക തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 112695രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1698755 | 1443340 | 16665 | *238750 വരുന്നതിനു പകരം 110064 രൂപയായി കറന്റ് ബാലൻസ് കുറച്ചു. വ്യത്യാസം 128686 രൂപ |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 115567 /105X100)=110064 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 354897 | 246951 | 110263/-. 107946 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 2317 രൂപ |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 817472<br>(462575 രൂപ സഞ്ചയ ഡിമാന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 261638 | 555837 വരേണ്ടതിനു പകരം<br>110385 രൂപയാണ് ബാലൻസ് വന്നിട്ടുള്ളത്. വ്യത്യാസം 445452 രൂപ അരിയർ കുറവ് കാണിച്ചിരിക്കുന്നു |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(407843+450503= 858346/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (115904/105X100)= 110385 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 544754 | 454862 | 101285 യഥാർത്ഥത്തിൽ 89892 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 11393 രൂപ |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 575972 | 442988 | 132984 വരുന്നതിന് പകരം 101669 രൂപയാണ് അരിയർ ബാലൻസ് കാണിച്ചിട്ടുള്ളത് വ്യത്യാസം 31315 രൂപ അരിയർ കുറവ് കാണിച്ചിരിക്കുന്നു |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(382229+221542=604771/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(106752./105X100)= 101669, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

| | | | |
|---|---|---|---|
| | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 146305 | 18227 | 164532 | 137410 | 12478 | 149888 | 5861 | | 3180. (വരേണ്ടത് 5787 അധിക LC കളക്ഷൻ) | 5641 (വരേണ്ടത് 5749) | 8841 (ഗണിത പ്രകാരം വരേണ്ടത് 8821) |
| | നോൺ-റെസിഡൻഷ്യൽ | 86269 | 31469 | 117738 | 77180 | 22832 | 100012 | 3644 | | 5586 (വരേണ്ടത് 5445) വ്യത്യാസം 141 | 5467 (വരേണ്ടത് 8637) | 14323 (ഗണിത പ്രകാരം വരേണ്ടത് 11053) |
| | ആകെ | | | 282270 | | | 249900 | 9505 | | 22865 LC പിരിഞ്ഞു കിട്ടേണ്ടതാണ്. 23164 ആണ് സഞ്ചയയിൽ കാണിച്ചിട്ടുള്ളത്. | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 298944 | | | 249754 | | | 49190 വരുന്നതിനു പകരം 19874 രൂപ B-15 പ്രകാരം വന്നിട്ടുള്ളത് | | |
| | | | | | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2018-19 വർഷത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ 200പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residentialbuiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 3, 1 തവണ യഥാക്രമം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ

രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 249754 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 249900 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 28/03/19-ലെ 3-ാം നമ്പർ തീരുമാനമൊഴികെ)

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 41984 | തൻവർഷം 110961 curent ലേക്കും 6986 അടുത്ത വർഷത്തേക്കും adjusted.,prior period 90326 വർദ്ധിപ്പിക്കുകയും 21454 കുറവ് ചെയ്യുകയും ചെയ്തു(ആകെ 157165 എഴുതി തള്ളിയത്) |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 16665 | തൻവർഷം 68230curent ലേക്കും 16334 അടുത്തവർഷത്തേക്കും adjusted,prior period ലേക്ക് 147926വർദ്ധിപ്പിക്കുകയും 96361 കുറവ് ചെയ്യുകയും ചെയ്തു(ആകെ 205601 എഴുതി തള്ളിയത്) |

2.8.തൻവർഷത്തെയും മുൻവർഷത്തേയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 28/3/19-ലെ 3-ാം നമ്പർ തീരുമാനപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനവ്/ കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം കുറവ് വരുത്തിയതിനെ സാധൂകരിക്കുന്ന അംഗീകൃത വർക്ക് ഷീറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800339 | 1.4.18 | 503449(18-19 ലേക്ക് അരിയർ കുറവ്) |
| 2 | 41800349 | 31.3.19 | 85642(വർദ്ധനവ്)) |
| | | | |

| | | | |
|---|---|---|---|
| 3 | 41800352 | 31.3.19 | 17004( വർദ്ധനവ്-) |
| 4 | 41800361 | 31.3.19 | 90326(അഡ്വാൻസ് കുറവ്) |
| 5 | 41800368 | 31.3.19 | 21454(അഡ്വാൻസ് വർദ്ധനവ്) |

കൂടാതെ ലൈബ്രറി സെസ്സ് തുക അഡ്വാൻസ് കളക്ഷൻ(B9-2017-18) ൽ നിന്നു B_15 17-18 ലൈബ്രറി സെസ്സ് ലേക്ക് മാറ്റിയിടാത്തതിനാൽ തൻവർഷം അഡ്വാൻസിൽ നിന്നും 312510 കുറവ് ചെയ്ത് ലൈബ്രറി സെസ്സിലേക്ക് മാറ്റി തൻവർഷം prior period ചെലവായി കാണിച്ചിട്ടുണ്ട്(41800353/31.3.19)

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രം.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800340 | 1.4.18 | 60017(18-19 ലേക്ക് അരിയർ കുറവ്) |
| 2 | 41800350 | 31.3.19 | 93538(വർദ്ധനവ്) |
| 3 | 41800351 | 31.3.19 | 481(കുറവ്) |
| 4 | 41800360 | 31.3.19 | 147926(18-19 ലേക്ക് അഡ്വാൻസ് വർദ്ധനവ്) |
| 5 | 41800369 | 31.3.19 | 96361(18-19 ലേക്ക് അഡ്വാൻസ് കുറവ്) |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)403665രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 19222 രൂപ ആണ്.എന്നാൽ ഈ ശീർഷകത്തിൽ 19874 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.5.ൽ ചേർത്തിട്ടുണ്ട്)

| ക്രം.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent from Building | 1084724 | 31.3.2019 | 41800284 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണെന്നുള്ള ഓഡിറ്റ് എൻക്വയറിയുള്ള (1/ 17/8/19) മറുപടിയിൽ അപാകതകൾ ഭാവിയിൽ ആവർത്തിയ്ക്കില്ല എന്ന് സൂചിപ്പിച്ചത് തുടർന്നുള്ള പരിശോധനകളിൽ വിലയിരുത്തുന്നതാണ്.

4.ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 28/03/19-ലെ 3-ാം നമ്പർ തീരുമാന പ്രകാരമാണ് നടത്തിയിട്ടുള്ളത്.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 157165 |
| 280100104-Prior period income-Property tax on non residential buildings | 205601 |

5.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് സബ് വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സൂക്ഷിയ്ക്കുന്നില്ലെന്നുള്ള എൻക്വയറിയ്ക്ക് (നമ്പർ 1/ 17/8/19) അപാകതകൾ ഭാവിയിൽ ആവർത്തിയ്ക്കില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6918932 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13837589 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-3 ആഭ്യന്തര നിയന്ത്രണം

ബജറ്റിംഗ് മുതൽ പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും വരെയുള്ള കാര്യങ്ങളിൽ ആഭ്യന്തര നിയന്ത്രണം ദുർബ്ബലമാണ് എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

മതിയായ സ്ഥിതിവിവരകണക്കുകളുടെയും വ്യക്തമായ മുന്നാലോചനയുടെയും അടിസ്ഥാനത്തിലോ, ബജറ്റ് നിർമ്മാണ ചട്ടങ്ങളുടെ അന്ത:സത്ത ഉൾക്കൊണ്ടിട്ടോ അല്ല ബജറ്റിംഗ് നിർവ്വഹിച്ചിട്ടുള്ളത്. 18-19 ൽ മതിപ്പ് വരവ് ചെലവ് യഥാക്രമം 12.17കോടി രൂപയും 12.43കോടി രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് ചെലവ് യഥാക്രമം 7.63 കോടി രൂപയും 6.94 കോടി രൂപയുമാണ്. യാതൊരു ശാസ്ത്രീയ മാനദണ്ഡങ്ങളും പാലിക്കാത്തതു കൊണ്ടാണ് ഈ വലിയ അന്തരം സംഭവിച്ചിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയാണ് ബജറ്റ് എന്നിരിക്കെ, ഈ അവസ്ഥ ആഭ്യന്തര നിയന്ത്രണത്തിൽ ഏറ്റവും പ്രധാനമായ ധനകാര്യ മാനേജ്മെന്റിനെ മൊത്തത്തിൽ ദുർബലപ്പെടുത്തുന്നുണ്ട്.

ഡെപ്പോസിറ്റ് പ്രവർത്തികളുടെ നടപടിക്രമങ്ങളിലെ അച്ചടക്കമില്ലായ്മ , ഉണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ , വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാതിരിക്കൽ , വിവിധ പദ്ധതികൾക്കായുള്ള ഫണ്ട് ചെലവഴിക്കാതിരിക്കൽ , കരാർ ലംഘനങ്ങളിൽ സമയോചിതമായി നടപടി സ്വീകരിക്കാത്തതുമൂലം ആസ്തി പരിപാലനത്തിലുണ്ടായ വീഴ്ചകൾ ,ശരിയായ മോണിറ്ററിങ്ങിന്റെ അഭാവം തുടങ്ങി ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മകളുടെ നിരവധി സൂചകങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ ഈ റിപ്പോർട്ടിലൂടെ കൊണ്ടുവരുന്നുണ്ട്. ആയവ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഉത്തരവാദപ്പെട്ടവർ കൈക്കൊള്ളേണ്ടതാണ്.

പ്രതിമാസ വരവുചെലവുകൾ പ്രാഥമികമായി പരിശോധിച്ച് യഥാകാലം ആഭ്യന്തര ഓഡിറ്റ് നിർവ്വഹിയ്ക്കേണ്ട ഉത്തരവാദിത്വം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുണ്ട് എന്ന് പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തെ ശക്തിപ്പെടുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഈ വിധ പരിശോധനകൾ നിർണ്ണായകമാണ്. എന്നാൽ ആ വിധമുള്ള പരിശോധന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷത്തിൽ നടത്തിയതായി കാണുന്നില്ല.

പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ് പ്രവർത്തനക്ഷമമായത് ശ്രദ്ധേയമാണ്. ശ്രീ.രവികുമാർ ചക്കൻചാത്ത് എന്ന സഹൃദയ വ്യക്തി ഗ്രാമപഞ്ചായത്തിന് സൗജന്യമായി നല്കിയ സ്ഥലത്ത് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 1999-2000 വർഷം ഭംഗിയായി നിർമ്മിച്ചിട്ടുള്ള സുകന്യ അംഗൻവാടി ശ്രീ.രവികുമാർ ചക്കൻചാത്തിന്റെ സഹോദരിയുടെ ഓർമ്മയ്ക്കായി നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ ഉദാത്തമായ ഉദാഹരണമാണ്. ഇത് സന്നദ്ധ സേവനം ചെയ്യുന്നതിന് മറ്റുള്ളവർക്ക് കൂടി

പ്രചോദനമാകുന്നതാണ്. സൗജന്യമായി ലഭിച്ച ഭൂമി എം.എൽ.എ.യുടെ ശ്രദ്ധയിൽപ്പെടുത്തി നല്ലൊരു ആസ്തി സൃഷ്ടിയ്ക്കാൻ കഴിഞ്ഞത് ഭരണസമിതിയുടെ നേട്ടമാണ്. ചെലവിനങ്ങളിൽ നഷ്ടമില്ലാത്തതും തടസ്സപ്പെടുത്താനതകുന്ന ചെലവുകളില്ലാത്തതും ശ്രദ്ധേയമാണ്.

## 1-4 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല-മറ്റു അപാകതകൾ

വേക്കൻസി റമിഷൻ രജിസ്റ്റർ, e-Tender സംബന്ധിച്ചുള്ള രജിസ്റ്റർ, Rent from Halls & Auditoriums രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. വിമുക്ത ഭടന്മാർക്കു നികുതിയിളവ് നൽകൽ സംബന്ധിച്ച രജിസ്റ്റർ, ഡെമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകളില്ല. ആയതു തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-5 വാണിജ്യഗണത്തിൽ നിന്നും വ്യവസായ ഗണത്തിലേക്ക് മാറാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-പരിശോധന അനിവാര്യം

ഡി ആന്റ് ഓ ഫയൽ പരിശോധനയിൽ 552 അപേക്ഷകൾക്ക് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചതിൽ നിരവധി ഡി ആന്റ് ഓ MIMSE, വ്യാവയായിക അടിസ്ഥാനത്തിലുള്ളതാണ്. എന്നാൽ ഇവ വാണിജ്യ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളായാണ് സഞ്ചയയിൽ ഉൾപ്പെടുത്തി കാണുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി ആന്റ് ഓ നം. | സ്ഥാപന വിവരം |
|---|---|---|---|
| 1 | 3/292 | 89 | രേഖ സ്റ്റീൽ ഫർണ്ണീച്ചർ |
| 2 | IV/487 | 481 | ആനക്കോട്ട് ഇൻഡസ്ട്രീസ് |
| 3 | IV/192 | 91 | ഹാദ്യ ഡൈ വർക്ക്സ് |
| 4 | X/69 | 61 | തയ്യിൽഎഞ്ചിനീയറിംഗ് |
| 5 | X/562,563,558 | 126 | വിതയത്തിൽ പ്രിന്റിംഗ് പ്രസ്സ് |
| 6 | VII/249 | 222 | പറപറമ്പിൽ വുഡ് വർക്ക്സ് |
| 7 | VII/291 | 255 | ശബരി പോളിമേഴ്സ് |
| 8 | XII/166A | 395 | വൈഗ എഞ്ചിനീയറിംഗ്(97HP) |
| 9 | VII/342,343 | 386 | ചന്ദസ് ആയുർവ്വേദ മരുന്നു നിർമ്മാണം |
| 10 | IX/235A | 388 | ചന്ദസ്സ് സിപ്പപ്പ് |
| 11 | IV/540 | 430 | Quality Concrete Tile നിർമ്മാണം |

പല കെട്ടിടങ്ങളും ഉപയോഗക്രമംമാറ്റി ഉപയോഗിക്കുമ്പോൾ/കൈമാറ്റം ചെയ്യുമ്പോൾ പഞ്ചായത്തിൽ വിവരം അറിയിക്കുകയോ, ലൈസൻസ്/മറ്റു കെട്ടിടഅനുബന്ധ രേഖകൾക്കായി പഞ്ചായത്തിനെ സമീപിക്കുമ്പോൾ അനിവാര്യ പരിശോധന നടത്തുവാൻ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുകയോ ചെയ്യുന്നില്ലെന്നാണിതിൽ നിന്നും മനസ്സിലാക്കുന്നത്. ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടതും സുരക്ഷ-മറ്റു മാനദണ്ഡങ്ങൾക്കനുസൃതമായി G1,G2,MIMSE എന്നീ കാറ്റഗറികളിലുള്ള വ്യവസായ കെട്ടിടങ്ങളായി സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും അതനുസരിച്ച് വസ്തുനികുതി പരിഷ്കരിക്കേണ്ടതും ആണ്. അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (അന്വേഷണ നമ്പർ 11/25.10.2019)

## 1-6 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ മാന്വൽ രസീതുബുക്ക്, കാഷ്ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 14 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല

| പേര് | തുക |
|---|---|
| കെ കെ മുരളി | 2500 |
| കെ കെ രാധകൃഷ്ണൻ | 2500 |
| കെ കെ സജീവൻ | 2500 |
| പി എ സജീവൻ | 2500 |
| കെ ബി സത്യൻ | 2500 |
| മുഹമ്മദ് സഗീർ പി എ | 2500 |
| ഷിഹാബ് കെ എ | 2500 |
| ഷാജി എസ് എസ് | 2500 |
| നന്ദകുമാർ ടി | 2500 |
| അൽ സാബ്രി | 2500 |
| ഹാഷിം എം എം | 2500 |
| വി ഡി രാജീവ് | 2500 |
| രഞ്ജിത്ത് ടി | 2500 |
| സി വി ഷാൻ | 2500 |
| ആകെ | 35000 |

കൂടാതെ ARD ഷോപ്പുടമകളിൽ നിന്നും കള്ളുഷോപ്പുടമകളിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ചട്ടം 205 B പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.
മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന നൽകിയ മറുപടിയിൽ വ്യക്തികൾക്കു നോട്ടീസ് നൽകുമെന്നും അടവാക്കിയില്ലെങ്കിൽ അവർക്കെതിരെ RR നടപടി സ്വീകരിക്കുമെന്നുമാണ വ്യക്തമാക്കിയിട്ടുള്ളത്. (അന്വേഷണം- 12/26.10.19)

## 1-7 e-tender ഫോം ഫീ AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

e-Tendering System Government of Kerala യുടെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ e-Tender നടത്തിയ വിവരങ്ങടങ്ങിയ ഓർഗനൈസേഷൻ വൈസ് കളക്ഷൻ റിപ്പോർട്ട് പ്രകാരം 01.04.16 മുതൽ 31.03.17 വരെയായി 14620/- രൂപയും 01.04.17 മുതൽ 31.03.18 വരെയായി 17644/- രൂപയും 01.04.18 മുതൽ 31.03.19 വരെയായി 43472/- രൂപയും പഞ്ചായത്തിന e-Tender ഫോം ഫീയിനത്തിൽ ലഭിക്കാനുണ്ട്.നിലവിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ പെരിഞ്ഞനം പഞ്ചായത്ത് കറന്റ് അക്കൗണ്ടിലേക്ക് ആണ് വരവ് വെക്കേണ്ടത്.എന്നാൽ ഈ തുക അക്കൗണ്ടിലേക്ക് വന്നിട്ടില്ലെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. e-Tender സ്വീകരിക്കുന്ന സമയം NIC വെബ്സൈറ്റിൽ കരാറുകാർക്ക് Buffer/Temporary അക്കൗണ്ടുകളാണ് നൽകുന്നത്. തുക സെറ്റിൽ ചെയ്യുന്ന സമയത്ത് Buffer അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. മുമ്പ് ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരുന്നത്. പെരിഞ്ഞനം അസി.എഞ്ചിനീയറുടെ പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇ-ടെണ്ടർ തുക (ആകെ 75736/-)ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇ-ടെണ്ടർ ഫോം ഫീ റീഫണ്ടായി പോകുന്നവിവരം ലഭ്യമാക്കേണ്ടതാണ്. ഏതെല്ലാം ടെണ്ടറുകളാണ് റിജക്ട് ചെയ്തിട്ടുള്ളതെന്ന വിവരം സംബന്ധിച്ച് അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നില്ല. നിലവിൽ ഇ-ടെണ്ടർ വരവ് സംബന്ധച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും തുടർന്ന് ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-8 വാടക -ലേലം ബൈലോ തയ്യാറാക്കാത്തതിനാൽ വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നു

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപറയുന്ന കടമുറികൾക്ക് ഏപ്രിൽ 2018 മുതൽ ഒരു വർഷത്തേക്ക് വാടക ഉടമ്പടി ചമച്ചിട്ടില്ല. 31.3.2018ന ശേഷം കരാർ കാലാവധി കഴിഞ്ഞിട്ടും വാടക അടവാക്കാതേയും കരാർ പുതുക്കാതേയും വാടക വർദ്ധനവ് വരുത്താതെയും ഈ മുറികൾ പ്രവർത്തിക്കാനനുവദിച്ചു. കെട്ടിടമുറി പിടിച്ചെടുത്തു ലേലം നടപടി കൈ കൊള്ളാൻ വൈകിയതിനാൽ താഴെ പറയും പ്രകാരം തൻവർഷം ഡിമാന്റിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കരാറുകാരൻ | പ്രതിമാസ വാടക ഡിമാന്റ് ചെയ്തത് | പ്രതിമാസ വാടക (5% വർദ്ധനവ് വരുത്തിയതു പ്രകാരം) | ഡിമാന്റ് വ്യത്യാസം/ വരുമാന നഷ്ടം |
|---|---|---|---|---|---|
| 1 | 3/38 | ശിവാനന്ദൻ പടപറമ്പത്ത് | 3289 | 3453 | 4/18 മുതൽ 9/18 വരെ3289*6=19734 ഡെപ്പോസിറ്റിൽ നിന്ന് കളക്റ്റ് ചെയ്തു.984 രൂപ ഡിമാന്റിൽ കുറവ് . 10/18,11/18,3/19 മാസങ്ങൾ വേക്കന്റ്. (3453*2+10200=17106 വരുമാന നഷ്ടം) |
| 2 | 3/39 | നാരായണൻ കുനിയാറ | 397 | 417 | 4/18 മുതൽ 9/18 വരെ 397*6=2382 ഡെപ്പോസിറ്റിൽ നിന്ന് കളക്റ്റ് ചെയ്തു. 120 രൂപ ഡിമാന്റിൽ കുറവ് . 10/18, 11/18 മാസങ്ങൾ വേക്കന്റ്.(417*2=834 വരുമാന നഷ്ടം) |
| 3 | 3/40 | ജെയ്സൺ ചിറയത്ത്(Late) | 7388 | 7757 | 4/18 മുതൽ 9/18 വരെ7388*6=44328 ഡെപ്പോസിറ്റിൽ നിന്ന് കളക്റ്റ് ചെയ്തു.2216 രൂപ ഡിമാന്റിൽ കുറവ് .10/18,11/18 മാസങ്ങൾ വേക്കന്റ്(7757*2=15514 വരുമാന നഷ്ടം) |
| 4 | 3/51 | സുഭാഷ് പനങ്ങാട് | 4190 | 4400 | 4/18 മുതൽ 5/18 വരെ4190*2=8380 ഡെപ്പോസിറ്റിൽ നിന്ന് കളക്റ്റ് ചെയ്തു.420 രൂപ ഡിമാന്റിൽ കുറവ് . 6/18മുതൽ 11/18വരെ 6 മാസങ്ങൾ വേക്കന്റ്. ലേലനടപടി സ്വീകരിക്കാൻ വൈകി. (4400*6=26400 വരുമാന നഷ്ടം) |
| | | | ആകെ | ഡിമാന്റിലുള്ള | |

| | | | | | |
|---|---|---|---|---|---|
| | | | | കുറവ്=3740/- വരുമാന നഷ്ടം=59854/- | |

കരാർ കാലാവധി അവസാനിച്ച കടമുറികൾ ലേലം ചെയ്യാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കാത്തതുമൂലം പഞ്ചായത്തിനു മേൽ പ്രകാരം തനതു വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.അപാകതകൾ ആവർത്തിക്കാതിരിക്കാനും ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

നാഷണൽ ഹൈവേയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-മറ്റു കടമുറികൾ (32 കടമുറികൾ),കമ്യൂണിറ്റി ഹാൾ എന്നിവയിൽ നിന്ന് 9 ലക്ഷത്തിലധികം രൂപ വാടക ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നുണ്ട്.എന്നാൽ ഇന്നേ വരെ ബൈലോ തയ്യാറാക്കാതെയാണ് വാടക പിരിക്കുന്നത്. 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-9 പെർമ്മിറ്റ്-അപാകതകൾ

സങ്കേതത്തിൽ നിന്നുള്ള 2018-19 ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമ്മിറ്റ് മാന്വൽ രജിസ്റ്റർ, പെർമ്മിറ്റ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

I )സങ്കേതത്തിൽ കൂടിയല്ലാതെ പെർമ്മിറ്റ് നൽകിയ ഫയലുകൾ

1) 3140/5.5.2018 -ലത കിഴക്കേടത്ത്(വാൾ പെർമ്മിറ്റ്)

2)6134/4.10.2018-ലിഷാദ് & നസീബ മതിലകത്തു വീട്ടിൽ

ഫയലുകൾ ഓഡിറ്റിനു ലഭ്യമാക്കുകയുണ്ടായില്ല

II) പെർമ്മിറ്റ് ഫീ നിശ്ചയിച്ചതിലും കുറവ് അടവാക്കി പെർമ്മിറ്റ് നൽകിയത്/രജിസ്റ്റർ അപാകതകൾ

| ക്രമ നം | ഫയൽ നം | പെർമ്മിറ്റ് ഉടമയുടെ പേര് | ബിൽഡിംഗ് ഏരിയ | അടവാക്കേണ്ട ഫീ | അടവാക്കിയ ഫീ | വ്യത്യാസം(-)/ റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 2348/4.4.18 | ഗീത സദാനന്ദൻ | 161.78 | 486 (3രൂപ നിരക്കിൽ) | 389 | 97. കുറവുള്ളത് ഈടാക്കേണ്ടതാണ് |
| 2 | 3250/ 11.5.18 | മുരളീധരൻ | 125.87 | (സങ്കേതം നിർണ്ണയിച്ച ഫീ 463/- )ഫയൽ ലഭ്യമാക്കിയില്ല. മാന്വൽ രജിസ്റ്ററിൽ അവ്യക്തത . റഗുലറൈസേഷൻ ആണെന്ന വിവരം ലഭ്യമല്ല. | 753/-(Rct no.95978100027/ 10.8.18) | ഫയൽ ലഭ്യമാക്കേണ്ടതാണ്. അപാകത വ്യക്തമാക്കേണ്ടതാണ് |
| 3 | 2564/ 12..4.18 | ജവഹർലാൽ | 44.3 | ഫയൽ ലഭ്യമല്ല,മാന്വൽ രജിസ്റ്ററിൽ അവ്യക്തത . എക്സ്റ്റൻഷ്യൻ ആണെങ്കിൽ 133/- (സങ്കേത പ്രകാരം) | ഫീ അടവാക്കിയിട്ടില്ല | 133/- ഫീ അടവാക്കി ഫയൽ ലഭ്യമാക്കേണ്ടതാണ് |
| 4 | 2913/ 5.6.18 | തങ്ക & അദേഴ്സ് | 89.5 | 104 (സങ്കേത പ്രകാരം വാൾ പെർമ്മിറ്റിനു) ഫയൽ ലഭ്യമാക്കിയില്ല | ഫീ അടവാക്കിയിട്ടില്ല | ഫീ അടവാക്കി ഫയൽ ലഭ്യമാക്കേണ്ടതാണ്. അപാകത വ്യക്തമാക്കേണ്ടതാണ് |
| 5 | 5543/ 11.9.18 | സുനിൽകുമാർ | 140.75 | 422/-(സങ്കേത | -397/-(Rct | |

| | | | | | | |
|---|---|---|---|---|---|---|
| | | | (സങ്കേത പ്രകാരം) 132.31 (മാന്വൽ രജിസ്റ്ററിൽ) | പ്രകാരം) ഫയൽ ലഭ്യമാക്കിയില്ല | no118050104034/ 5.10.18 | കുറവുള്ളത് ഈടാക്കേണ്ടതാണ്.ഫയൽ ലഭ്യമാക്കേണ്ടതാണ് |
| 6 | 6414/26.11.18 | ബഷീർ എം യു | 305.6 | 458/-(Resi- സങ്കേത പ്രകാരം) 459/-(Non-Resi- മാന്വൽ രജിസ്റ്റർ പ്രകാരം) ഫയൽ ലഭ്യമാക്കിയില്ല | 459/- | ഫയൽ ലഭ്യമാക്കേണ്ടതാണ്. അപാകത വ്യക്തമാക്കേണ്ടതാണ് |
| 7 | 7705/31.1.19 | നസീർ എം എം | 112.09 | 336/-(Resi- സങ്കേത പ്രകാരം) ഫയൽ ലഭ്യമാക്കിയില്ല | 379/- (108030105541/11.2.19 | ഫയൽ ലഭ്യമാക്കേണ്ടതാണ്. അപാകത വ്യക്തമാക്കേണ്ടതാണ് |
| 8 | 101/28.1.19 | അജയൻ | 215.15 | 153/-(Resi- സങ്കേത പ്രകാരം). Extension ഫയൽ ലഭ്യമാക്കിയില്ല | 153/- | ഫയൽ ലഭ്യമാക്കേണ്ടതാണ്. അപാകത വ്യക്തമാക്കേണ്ടതാണ് |

3. പെർമ്മിറ്റ് അപേക്ഷ,ഫീ -ഒരുവ്യക്തിയുടെ പേരിലും പെർമ്മിറ്റ് മറ്റൊരു വ്യക്തിയുടെ പേരിലും-പെർമ്മിറ്റ് നൽകിയ ആളുടെ പേരിലുള്ള ഫയൽ ലഭ്യമാക്കിയില്ല

ഫയൽ നം 2771/21.4.2018 ഹിബിൻദാസ്,തറയിൽ എന്ന വ്യക്തിയുടെ പേരിലുള്ള അപേക്ഷ ഫയൽ ആണ് പരിശോധനക്കു ലഭിച്ചത്.ടി .ഫയലിൽ വാണിജ്യ ആവശ്യ കെട്ടിടത്തിനു സങ്കേത രജിസ്റ്റർ പ്രകാരം ജബ്ബാർ ടി കെ,കിഷോർ കുമാർ താണത്തു പറമ്പിൽ എന്ന വ്യക്തിക്ക് ആയാണ് പെർമ്മിറ്റ് നൽകിയിരിക്കുന്നത്.പെർമ്മിറ്റ് ഉടമസ്ഥവകാശം മാറിയതു സംബന്ധിച്ച ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.അപാകത ഫയൽ സഹിതം വിശദമാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 4/22.10.19)

# 1-10 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 60/- രൂപ / ച.മീ.

200 ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ ഷോപ്പിംഗ് കോംപ്ളെക്സ്/മാൾ,സൂപ്പർമാർക്കറ്റുകൾ: 75/- രൂപ / ച.മീ. വ്യാവസായിക കെട്ടിടം:50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ടി ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപയാണെങ്കിലും പഞ്ചായത്ത് അത്തരത്തിലുള്ള ഒരു കെട്ടിടത്തിനു പോലും ഇപ്രകാരം നികുതി നിർണ്ണയം നടത്താതെ മുകളിൽ പറഞ്ഞ പ്രകാരം ആണ് കണക്കാക്കിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു

നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | വാർഡ് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം ($m^2$) | ചുമത്തിയ നികുതി @30 | ചുമത്തേണ്ടത് നികുതി @60 | | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | മുളപറമ്പിൽ സുലൈഖ ഹംസ | XI | 224-A | 129.64 | 9334(@70) | (20% വർദ്ധനവ് +0% ഇളവ്) | 9334 | 0 |
| | | | 224- B | 43.78 | 1499 | | 3152 | 1653 |
| | | | 224-C | 43.78 | 1499 | | 3152 | 1653 |
| | | | 224-D | 43.78 | 1499 | | 3152 | 1653 |
| | | | 224- E | 43.78 | 1499 | | 3152 | 1653 |
| | | | ആകെ | 304.76 | 15330 | | 21942 | 6612 |
| | | | | | @30 | | @60 | |
| 2 | രജിത് സി രാജൻ | V | 170-B | 40.45 | 1457 | 20%വർദ്ധനവ് +0% ഇളവ്) | 2912 | 1455 |
| | | | 170-C | 22.75 | 819 | | 1638 | 819 |
| | | | 170-D | 39.8 | 1433 | | 2866 | 1433 |
| | | | 170-E | 22.75 | 819 | | 1638 | 819 |
| | | | 170-F | 35.20 | 2535(@60) | | 2535 | 0 |
| | | | ആകെ | 160.95 | 7063 | | 11589 | 4526 |
| 3 | കളപ്പുരക്കൽ ബാലൻ,അശോക് | X | 215-B | 30.74 | 922/- (@30) | 20%വർദ്ധനവ് +0% ഇളവ്) | 2213(@60) | 1291 |
| | | | 215-C | 141.98 | 8518/- (@60) | | 10223(@60) | 1705 |
| | | | ആകെ | 172.72 | 9440 | | 12436 | 2996 |
| | വ്യവസായ കെട്ടിടം | | | | @30 | | @50 | |
| 4 | അബ്ദുൾ റഹിമാൻ ഭാര്യ മറിയുമ്മ | IV | 149-A | 27.8 | 964 | 20%വർദ്ധനവ് +0% ഇളവ്) | 1668 | 704 |
| | | | 149-B | 24.8 | 860 | | 1488 | 628 |
| | | | ആകെ | 52.6 | 1824 | | 3156 | 1332 |
| | വ്യവസായ കെട്ടിടം | | | | @30 | | @50 | |
| 5 | പോക്കാക്കില്ലത്ത് കമൽ,കബീർ | V | 616-J | 59.98 | 2160 | 20%വർദ്ധനവ് +0% ഇളവ് | 3599 | 1439 |
| | | | ആകെ | | | | | 16905 |

ആകെ നഷ്ടം =16905

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 19/30.10.19)ക്ക് മറുപടി ലഭിച്ചിട്ടില്ല. 100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 60/- രൂപ എന്നീ അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കാതിരുന്നത് മൂലവും വ്യവസായിക അടിസ്ഥാനത്തിലുള്ള നികുതി നിരക്ക് അനുസരിച്ച് നിർണ്ണയിക്കാത്തതിനാലും വസ്തു നികുതി ഇനത്തിൽ 16905

രൂപ നഷ്ടം നേരിട്ടു. നാളിതുവരെയുള്ള നഷ്ടത്തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതും സമാനമായി കുറഞ്ഞ നിരക്കിൽ നിർണ്ണയം നടത്തിയ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന നികുതി ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-11 പഞ്ചായത്ത് ഓഫീസ് നവീകരണം- ടെണ്ടർ കൂടാതെ റബ്കോയെ ഏൽപിച്ചു.-തനത് ആസ്തിയുടെ വികസനത്തിനായി സി.എഫ്.സി. ഗ്രാന്റ് വിനിയോഗിച്ചു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം.132/19 പഞ്ചായത്ത് ഓഫീസ് ആധുനികവൽക്കരണം എന്ന പദ്ധതി നടപ്പാക്കുന്നതിന് 12.10.17 ലെ തീരു. നം. 1(4) പ്രകാരം റബ്കോയെ ചുമതലപെടുത്തുകയും സ്പിൽ ഓവറായ പദ്ധതിക്ക് മുൻ വർഷം നൽകിയ 182920 രൂപയും തൻവർഷം നൽകിയ 987190 രൂപയും അടക്കം ആകെ 11,70,110/- രൂപ പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികൾ നടത്തിയതിന് റബ്കോയ്ക്ക് നൽകിയിട്ടുണ്ട്. 7.7.17 ലെ സ.ഉ.(ആർ.ടി)40/17/എസ്.പി.ഡി. ഉത്തരവ് പ്രകാരമുള്ള അനുബന്ധത്തിലുൾപ്പെട്ട ഫർണീച്ചറുകൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ ടെണ്ടർ കൂടാതെ റബ്കോയിൽ നിന്നും വാങ്ങുന്നതിനുള്ള അനുമതിയാണ് ഉത്തരവ് പ്രകാരം നിലവിലുള്ളത്. അതേ സമയം മരാമത്ത് പ്രവൃത്തിയായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി സ്വീകരിക്കേണ്ട പ്രവൃത്തി റബ്കോയെ ഏൽപ്പിക്കാനിടയായത് ശരിയല്ല.(ഓഡിറ്റ് അന്വേഷണം. നം.5/23.10.19)

മേൽ പ്രവൃത്തിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4,00,000/- രൂപയും, പ്രോജക്ട് നം134/19 പ്രകാരം ഫ്രണ്ട് ഓഫീസ് നവീകരണത്തിനായി 1,00,564/- രൂപയും കൂടി ആകെ 5,00,564/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. 11.1.16 ലെ സ.ഉ.(സാ)4/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം തനത് ഫണ്ട് ആസ്തികളുടെ വികസനത്തിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കാർഷിക പദ്ധതികളുടെ നിർവ്വഹണം-മോണിറ്ററിംഗ് ഉറപ്പാക്കണം.

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ 2018-19 സാമ്പത്തിക വർഷത്തിൽ 10 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വകയിരുത്തിയ പ്ലാൻ ഫണ്ടിന്റെ 95% തുക ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹമായ തുക കണക്കാക്കി ശുപാർശ ചെയ്ത വിവരങ്ങൾ അപേക്ഷയിൽ രേഖപെടുത്തി കാണുന്നില്ല. അപേക്ഷകൾ ക്രമമായി നമ്പറിട്ട് ആവശ്യമായ രേഖകൾ ഉൾപെടുത്തി സൂക്ഷിച്ചിട്ടുണ്ട്. കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ജൈവവളം, നടീൽ വസ്തുക്കൾ, രോഗനിയന്ത്രണ ഉപാധികൾ എന്നിവ വിതരണം ചെയ്യുകയും, കൂലിചെലവ്, കാർഷിക സേവനങ്ങൾക്ക് സബ്സിഡി നൽകുക തുടങ്ങിയ പദ്ധതികൾ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് പരിധിയിലുണ്ടായ ഉൽപാദന വർധന സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല. പദ്ധതി നടത്തിപ്പിലെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

| ക്രമ നം. | പ്രോജക്ട്.നം./പേര് | നൽകിയ തുക / ബിൽ നം. / തിയതി. | കുറിപ്പുകൾ |
|---|---|---|---|
| 1 | 18/19-സുശാന്തം- | 50,000/-പ്ലാൻ | ജില്ലാ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | വയോജനക്ഷേമ വിഭവ കേന്ദ്രം | 6/18-19/22.6.18 | സെക്രട്ടറിക്ക് നൽകി. |
| 2 | 19/19-വിജ്ഞാൻ സാഗർ വിഹിതം നൽകൽ | 1,00,000/- പ്ലാൻ 5/18-19/22.6.18 | ,, |
| 3 | 183/19- ഐ.ടി.എക്സ്പർട്ടിന് ഹോണറേറിയം | 30,000/- തനതു ഫണ്ട് | പെർഫോർമൻസ് ഓഡിറ്റ് ഓഫീസ്. |
| | ആകെ | 1,80,000/- | |

| ക്രമ നം. | പ്രോജക്ട്.നം./ പേര് | നൽകിയ തുക /ബിൽ നം. / തിയതി. | കുറിപ്പുകൾ |
|---|---|---|---|
| 1 | പി.എം.എ.വൈ. (ജി)പട്ടികജാതി- വിഹിതം നൽകൽ. | 4,20,000/- പ്ലാൻ 4/18-19/23.6.18 2,10,000/- പ്ലാൻ 11/18-19/23.6.18 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ തുകയിൽ 90,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

# 1-14 വയബിലിറ്റി ഗ്യാപ് ഫണ്ട്-ചെലവിന്റെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചില്ല.-ഷ്രേഡഡ് പ്ലാസ്റ്റിക് - കയ്യൊഴിയാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മാലിന്യങ്ങൾ യഥാസമയം സംസ്കരിച്ച് സീറോ വേസ്റ്റ് പഞ്ചായത്താക്കി മാറ്റുന്നതിന് 25.1.19 ലെ ഭരണസമിതി 24(2) നമ്പറായി തീരുമാനിക്കുകയും മുഴുവൻ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിനും ഷ്രെഡിംഗ് യൂണിറ്റിൽ എത്തിക്കുന്നതിന് വാഹനം ഏർപ്പെടുത്തുന്നതിനും വി.ഇ.ഒ.യെ ചുമതലപെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹരിത കർമ്മസേനയിലുൾപെട്ട 25 വളണ്ടിയർമാർ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് 14ാം വാർഡിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ വച്ച് ഷ്രെഡഡ് പ്ലാസ്റ്റിക്കായി മാറ്റുകയും ചെയ്യുന്നുണ്ട്. ഷ്രെഡിഗ് യൂണീറ്റ് പ്രവർത്തനമാരംഭിച്ച 2018 മേയ് മാസം മുതൽ നാളിതു വരെ ഏകദേശം 3000 കിലോഗ്രാം പ്ലാസ്റ്റിക് ഷ്രെഡിംഗ് നടത്തി സൂക്ഷിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീസ് നിശ്ചയിക്കുകയും ബാക്കി വരുന്ന തുക ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകുന്നതിനായി പ്രോജക്ട് നം. 209/19 പ്രകാരം വയബിലിറ്റി ഫണ്ടിനത്തിൽ 161371 രൂപ വകയിരുത്തുകയും ബിൽ നം. 7/18-19/19.11.18 പ്രകാരം തുക പിൻവലിച്ച് ഹരിതസേനാംഗങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇക്കാര്യത്തിൽ ഹാജരാക്കിയ മസ്റ്റർ റോൾ പരിശോധിച്ചതിൽ നിന്നും പൂർണമായ ഹാജർ വിവരങ്ങൾ മസ്റ്റർറോളിൽ രേഖപ്പെടുത്താതെയും, സാക്ഷ്യപ്പെടുത്താതെയും ഫയലിൽ സൂക്ഷിച്ചതായി കണ്ടു. തുക കൈപറ്റുന്നത് സംബന്ധിച്ച ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച വിവരങ്ങൾ പൂർണമായി ഫയലിൽ ഇല്ല. രേഖകൾ ഫയലിൽ ക്രമമായി സൂക്ഷിച്ചിട്ടില്ല. യൂസർ ഫീ ഇനത്തിൽ പിരിച്ചെടുത്തതും ഹരിതസേനാംഗങ്ങൾക്ക് കൂലിയായി നൽകാനുള്ളതുമായ തുക സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പദ്ധതിയിനത്തിൽ നിന്നും നൽകുന്ന തുക സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതു കൊണ്ടു തന്നെ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ പരിശോധന നടത്തി വരവ്-ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

ഷ്രെഡിംഗ് നടത്തി സംഭരണ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളതായ ഏകദേശം 3000 കി.ഗ്രാം ഷ്രെഡഡ് പ്ലാസ്റ്റിക് ഏറ്റെടുക്കാനാളില്ലാതെ യൂണിറ്റിൽ സൂക്ഷിച്ചിട്ടുണ്ട്. മാത്രമല്ല ഷ്രെഡിംഗ് നടത്തുന്നതിനായി ശേഖരിച്ച ഏകദേശം 6000 കി.ഗ്രാം.പ്ലാസ്റ്റിക് സംഭരണ കേന്ദ്രത്തിൽ സൂക്ഷിച്ചതായും കാണുന്നു. ഷ്രെഡഡ് പ്ലാസ്റ്റിക് ഏറ്റെടുക്കുന്നതിൽ നിലവിലെ സർക്കാർ നിർദ്ദേശമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമേ ക്ലീൻ കേരളയുമായി കരാറിൽ ഏർപ്പെടാനാവുകയുള്ളുവെന്നതിനാൽ ഗ്രാമപഞ്ചായത്ത് ക്ലീൻ കേരളയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. അതേസമയം ബ്ലോക്ക് പഞ്ചായത്ത് ഷ്രെഡഡ് പ്ലാസ്റ്റിക് ഏറ്റെടുക്കാത്തതിനാൽ ഷ്രെഡിംഗ് യൂണിറ്റിലെ ഹരിതസേനാംഗങ്ങൾക്ക് സമയബന്ധിതമായി കൂലി നൽകാനും സാധിക്കാത്ത സ്ഥിതിവിശേഷം നിലവിലുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പ്ലാസ്റ്റിക് മാലിന്യം കയ്യൊഴിയുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തമായ ഒരു പ്ലാൻ ഇല്ലായെന്നു കാണുന്നു. ഈ വിഷയം പരിശോധിച്ച് വ്യക്തമായ തീരുമാനം എടുക്കേണ്ടതും ഉചിതമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-15 ലൈഫ് പദ്ധതി-ജനറൽ വിഭാഗം വീടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

| | ജനറൽ വിഭാഗം | പട്ടികജാതി | ആകെ |
|---|---|---|---|
| അംഗീകരിച്ച ലിസ്റ്റിലെ എണ്ണം | 75 | 34 | 109 |
| അർഹരായവരുടെ എണ്ണം | 53 | 19 | 72 |
| കരാറിലേർപ്പെട്ടവരുടെ എണ്ണം | 41 | 15 | 56 |
| പൂർത്തീകരിച്ചവയുടെ എണ്ണം | 34 | 15 | 49 |
| പൂർത്തീകരിക്കാൻ ബാക്കി | 7 | 0 | 7 |

പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | ജനറൽ വിഭാഗം | പട്ടികജാതി വിഭാഗം |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 2360000 | 2430000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 806881 | 1323195 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1039725 | 0 |
| ലോൺ തുക | 8080000 | 2246805 |
| ആകെ | 12286606 | 6000000 |

എസ്.സി.വിഭാഗത്തിൽ അർഹരായ നാലു ഗുണഭോക്താക്കൾ ഉള്ളതിൽ ഒരാൾക്ക് പി.എം.എ.വൈ.യിലുൾപെടുത്തി വീട് ലഭിക്കുകയും ബാക്കി മൂന്നുപേർക്ക് ഭൂമി സംബന്ധമായ ക്ലിയറൻസ് ഇല്ലാത്തതിനാൽ കരാറിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടില്ല. അതേ സമയം ജനറൽ വിഭാഗത്തിൽ ഉൾപെട്ട അർഹരായ 12 പേരിൽ ആറു പേർക്ക് വീടു നിർമ്മിക്കാൻ താല്പര്യമില്ലായെന്ന് അറിയിക്കുകയും നാലു പേർക്ക് ഭൂമി സംബന്ധമായ ക്ലിയറൻസ് ഇല്ലാത്തതിനാൽ രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ല. മറ്റു രണ്ട് പേരിൽ ഒരാൾക്ക് പ്രളയത്തിൽ വീട് ലഭിക്കുകയും മറ്റൊരാളുടെ ഭാര്യക്ക് സർക്കാർ ജോലി ലഭിച്ചതിനാൽ ലിസ്റ്റിൽ നിന്നൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചവരിൽ 7 പേരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകുന്നതിന് തൻവർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

# 1-16 സംരഭകത്വ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-തിരിച്ചടവിന്റെ വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നം.141/19 പ്രകാരം മെ.സ്നാക്സ്, സ്വയം സഹായക സംഘം, പെരിഞ്ഞനം എന്ന സ്വയം സഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ടിനത്തിൽ 50,000/- രൂപ അനുവദിച്ചിട്ടുണ്ട്. 14.2.18 ലെ സ.ഉ.(കൈ) 22/18 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 21.2 പ്രകാരം ഫണ്ട് തിരിച്ചടവിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ റിവോൾവിംഗ് റീക്രൂപ്മെന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും, തിരിച്ചടവ് സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകി രജിസ്റ്ററിൽ വരവു വയ്ക്കേണ്ടതുമാണ്. എന്നാൽ പ്രതിമാസ തിരിച്ചടവ് തുക, കാലയളവ്, തിരിച്ചടവിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് വരവു വയ്ക്കുന്നതിനായി പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്കിൽ 6243 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 1000 രൂപ വീതം തുക തിരിച്ചടച്ചിട്ടുണ്ട്. തുടർന്ന് തുക തിരിച്ചടവാക്കിയിട്ടില്ല. സമയബന്ധിതമായി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

റിവോൾവിംഗ് ഫണ്ട് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സമയബന്ധിതമായി തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-17 വൃദ്ധർക്ക് കട്ടിൽ-ടെണ്ടറിൽ നിന്നും പിൻവാങ്ങിയ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല. തുടർ നടപടി സ്വീകരിക്കണം.

ഐ.സി.ഡി.എസ്. നിർവ്വഹണം നടത്തിയ 2017-18 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പ്രോജക്ട് നം. 166/18 പ്രകാരം ജനറൽ വിഭാഗത്തിൽപെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് 3890/- രൂപ രേഖപ്പെടുത്തിയ കോസ്റ്റൽ ഫർണീച്ചർ കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 27.1.18 ലെ 3ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ച് 5.2.18 ന് പർച്ചേസ് ഓർഡർ നൽകിയെങ്കിലും സ്ഥാപനം കട്ടിലുകൾ വിതരണം നടത്തിയില്ല. തുടർന്ന് പ്രോജക്ട് സ്പിൽ ഓവറാക്കി മാറ്റുകയും (പ്രോജക്ട് നം. 145/19) 2.8.18 ന് വീണ്ടും രജിസ്റ്റേഡ് കത്തയക്കുകയും ചെയ്തു. എന്നാൽ സ്ഥാപനം കട്ടിലുകൾ വിതരണം ചെയ്യാത്തതിനെ തുടർന്ന് 14.2.18 ലെ സ.ഉ.(കൈ)22/18.ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.1.13.2ൽ രേഖപെടുത്തിയ നിരക്കായ 4350 രൂപാ നിരക്കിൽ ആർട്കോയിൽ നിന്നും കട്ടിലുകൾ വാങ്ങുന്നതിന് 6.10.18 ലെ 9ാം നമ്പറായി കമ്മിറ്റി തീരുമാനമെടുത്ത് 96 കട്ടിലുകൾ വാങ്ങി. 4.8 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിൽ [3,02,288+115312(ക്യൂ ബിൽ പ്രകാരം നൽകിയത്.)=417600] 4,17,600/- രൂപ ആർട്കോയ്ക്ക് നൽകുകയുണ്ടായി. കോസ്റ്റൽ ഫർണീച്ചർ കട്ടിലുകൾ വിതരണം ചെയ്യാതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് 44160 രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു. എന്നാൽ ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപെടുത്തുന്നതിനോ, ടി സ്ഥാപനത്തിനെ നഷ്ടോത്തരവാദിയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -വിനിയോഗം മാർഗ്ഗരേഖാപ്രകാരമല്ല

ഹെഡ്മിസ്ട്രസ് ഗവ. യു.പി സ്കൂൾ നിർവ്വഹണം നടത്തിയ പദ്ധതി നം. 45/18 എൽ.പി, യു.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം പദ്ധതി, നം.46/18 ഗവ. സ്കൂളിലേക്ക് ബെഞ്ചും ഡസ്കും, പദ്ധതി നം.69/18 സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകൽ, പദ്ധതി നം. 76/18 സ്കൂളുകൾക്ക് വൈറ്റ് ബോർഡ് എന്നിവയ്ക്കായി ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തിയതായി കാണുന്നു. സ.ഉ(കൈ)നം.11/18/തസ്വഭവ തീയതി 29.01.18 മാർഗ്ഗരേഖ 6-6 IV സ്കൂളുകൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും, അറ്റകുറ്റപണിയും മുതലായവയ്ക്കാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നത്. പ്രഭാത ഭക്ഷണം നൽകൽ, ആനുകാലികങ്ങൾ നൽകൽ, ബെഞ്ച് ഡസ്ക്, വൈറ്റ് ബോർഡ് എന്നിവ നൽകൽ എന്നീ പദ്ധതികൾ ടി ഫണ്ട് വകയിരുത്തി നടപ്പാക്കാവുന്നതല്ല. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിധേയമായി തന്നെ ഫണ്ടുകൾ വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-19 പത്താംതരം/പ്ലസ് ടു തുല്യതാ പരീക്ഷ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

ഹെഡ്മിസ്ട്രസ് ഗവ. യു.പി സ്കൂൾ നിർവ്വഹണം നടത്തിയ നം.211/19 "പത്താംതരം, പ്ലസ് ടു തുല്യതാ പഠിതാക്കളുടെ ഫീസ്" പദ്ധതിക്കായി തനത് ഫണ്ടിൽ നിന്ന് 37,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. പത്താംതരം പഠിതാക്കളായ 10 പേർക്ക് 1750/- രൂപ വീതം 17,500/- രൂപയും, പ്ലസ് ടു പഠിതാക്കളായ 9 പേർക്ക് 2200/- രൂപ വീതം 19,800/- രൂപയും ഫീസ് നൽകിയിട്ടുണ്ട്. പഠിതാക്കളുടെ ഹാജരും, പരീക്ഷ എഴുതിയ വിവരങ്ങളും ഫയലിൽ ലഭ്യമല്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം പത്താംതരം തുല്യതാ പഠിതാക്കളിൽ 10 പേർ ചേർന്നിട്ടുള്ളതിൽ 3 പേരും, പ്ലസ് ടു തുല്യതാ പഠിതാക്കളിൽ 9 പേരിൽ 2 പേരും മാത്രമേ ക്ലാസിൽ കൃത്യമായി പങ്കെടുക്കാറുള്ളൂവെന്നും, മറ്റുള്ളവർ പരീക്ഷയെഴുതാനുള്ള നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. പഠിതാക്കൾ എല്ലാവരും കൃത്യമായി ക്ലാസ്സിൽ പങ്കെടുത്ത് പരീക്ഷയെഴുതുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# 1-20 ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ-ചോർച്ച സംബന്ധിച്ച്

5/7/14ന് ഉൽഘാടനം നടന്ന സാംസ്കാരികനിലയം കെട്ടിടത്തിലാണ്,നിലവിൽ ഗ്രാമപഞ്ചായത്ത് കാര്യാലയവും,ലൈബ്രറിയും കോൺഫറൻസ് ഹാളും പ്രവർത്തിക്കുന്നത്.ഈ കെട്ടിടത്തിന്റെ നിർമാണപ്രവൃത്തി ഏറ്റെടുത്ത്

നടത്തിയത് അക്രിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡാണ്.ഈ ഇരുനിലക്കെട്ടിടത്തിന്റെ മുകൾനിലയിലുള്ള കോൺഫറൻസ് ഹാളിന്റെ മുകളിലെ സീലിങിൽ വെള്ളം കിനിഞ്ഞിറങ്ങുന്നത് 7/23/10/19 നം ഓഡിറ്റ് എൻക്വയറി പ്രകാരം സൂചിപ്പിച്ചിരുന്നതാണ്. മാത്രമല്ല സ്റ്റെയർകേസിന്റെ ലാന്റിങ് പ്ളേസിലെ മുകളിലെ സീലിങിൽ നിന്നും വെള്ളം കിനിഞ്ഞിറങ്ങുന്നുണ്ട്. നിർമാണം കഴിഞ്ഞ് കേവലം അഞ്ചേകാൽ വർഷം കഴിഞ്ഞപ്പോഴേക്കും ചോർച്ച വന്നത് വളരെ ഖേദകരമാണ്.

ഈ നിർമാണപ്രവൃത്തിക്ക് എത്ര രൂപ ചെലവായി എന്ന 18/29.10.19 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. കെട്ടിടത്തിലെ ചോർച്ച തടയുന്നതിനുള്ള നടപടികൾ എത്രയും വേഗം കൈകൊള്ളേണ്ടതാണ്.

# 1-21 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റ് എൻക്വയറി നം.6/24.10.19 പ്രകാരം ആവശ്യപ്പെട്ടതുപ്രകാരം പഞ്ചായത്ത് ഫണ്ടിലടച്ച താഴെകൊടുക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കിയിട്ടുണ്ട്.

| ക്രമ നം. | ഇന വിവരം | തുക അടച്ച ആളുടെ പേര് | രശീതിനം, തീയ്യതി | തുക |
|---|---|---|---|---|
| 1 | ഇ.എം.എസ് ഭവന ധനസഹായം-തിരിച്ചടവ് | ഗിരിജ സ്നേഹജൻ | 11603106462/ 24/3/17 | 200000, 90383 |
| 2 | പ്രൊജക്റ്റ് നം വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ വിനിയോഗിക്കാത്ത തുക | എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ഡബ്ളിയു.എ. ഇരിങ്ങാലക്കട | 1160350002/ 19/3/16 | 27511 |
| 3 | കുടിവെള്ളക്ഷാമ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ളിയു | 1150350027/ 4/3/16 | 44627 |
| 4 | എസ്.സി പൈപ്പ് ലൈൻ കണക്ഷൻ | „ | 11703050027/ 24/3/18 | 19162 |

ധനകാര്യസ്റ്റാന്റിങ് കമ്മിറ്റിയുടെ 3/24.6.19 നം. തീരുമാനത്തിൽ പ്രസ്തുത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലടക്കുവാൻ നിർദേശിച്ചിരുന്നതാണ്. ഓഡിറ്റ് നിർദേശപ്രകാരം ആയത് ഉടനെ അടവാക്കിയത് ശ്രദ്ധേയവുമാണ്.

# 1-22 കോവിലകം ബൈപാസ് റോഡിൽ കൾവെർട്ട് നിർമാണം -പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രവൃത്തിയുടെ കരാർ ചമച്ച 2/11/18 ന് തന്നെ കരാറുകാരൻ പ്രവൃത്തിസ്ഥലം ഏറ്റു വാങ്ങിയിട്ടുള്ളതാണ്. കരാറിലെ ആറാം നിബന്ധനയനുസരിച്ച് കരാർവെച്ച് പത്ത് ദിവസത്തിനുള്ളിൽതന്നെ കരാറുകാരൻ പ്രവൃത്തി ആരംഭിക്കേണ്ടതാണ്. ഒമ്പതാം നിബന്ധനയനുസരിച്ച് കരാറുകാരൻ വീഴ്ച വരുത്തുന്നതുമൂലമുള്ള അധികച്ചെലവുമുഴുവൻ ടിയാന്റെ ബിൽ തുകയിൽനിന്നും ജാമ്യനിക്ഷേപത്തിൽനിന്നും ഈടാക്കാവുന്നതാണ്.

അനുബന്ധവിവരങ്ങൾ

പ്രൊജക്റ്റ് നം.178/19, അടങ്കൽതുക-75000, സംരക്ഷണഗ്രാന്റ്-റോഡിതരം

കരാറുകാരൻ -ശ്രീ.കെ.കെ.സജീവൻ, കളപ്പാട്ട്, കൊടുങ്ങല്ലൂർ

കരാർ-16/AELSGD/PJM/18-19/2/11/18

നിരക്ക്-അടങ്കലിനേക്കാൾ 23.999%കുറവ്

കരാറുകാരൻ പ്രവൃത്തി നിർവഹിക്കാത്തതിന്റെ കാരണം കണ്ടെത്തേണ്ടതും ഗ്രാമപഞ്ചായത്തിന് അധികച്ചെലവ് വരാത്തവിധം കുറ്റമറ്റ രീതിയിലുള്ള പ്രവൃത്തിനിർവഹണം ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-23 ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ ബാഡ്മിന്റൺ കോർട്ട് മേൽക്കൂരക്ക് അപകടഭീഷണി

29/10/19ന് ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ ശ്രീമതി.സുചിത്രലത,ഓവർസിയർ ശ്രീമതി. ജൂഡിത്ത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ മേൽപറഞ്ഞ സ്ഥലം സന്ദർശിച്ചപ്പോൾ കോർട്ടിന്റെ ഇടതുഭാഗത്ത് പിറകിലെ മേൽക്കൂരയുടെ മുകളിലേക്ക് സമീപസ്ഥലത്തുള്ള തെങ്ങ് വളരെയധികം ചാഞ്ഞ് നില്ക്കുന്നതായും മേൽക്കൂരക്ക് ക്ഷതം വന്ന് ചോർന്നതായും കാണുകയുണ്ടായി.

ബാഡ്മിന്റൺ കോർട്ടിന്റെ സംരക്ഷണത്തിന് വേണ്ടി എത്രയും വേഗം നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-24 തൊഴിലുറപ്പ് പദ്ധതി

ആകെ ചെലവു ചെയ്ത 1,99,06,775/- രൂപയിൽ 92%ത്തോളം തുക (18305984/-) കൂലി നല്കുവാനാണ് വിനിയോഗിച്ചിട്ടുള്ളത്. സാധന സാമഗ്രികൾ വാങ്ങിയതിനായി 573983/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 792 കുടുംബങ്ങൾ പ്രവൃത്തിയെടുത്തതിൽ 45% കുടുംബങ്ങൾക്ക് (360) നൂറു ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുണ്ട്. 22 കമ്പോസ്റ്റ് പിറ്റുകൾ ഉണ്ടാക്കിയതും വിവിധ വാർഡുകളിൽ കോൺക്രീറ്റ് കട്ടകൾ നിർമ്മിച്ചതുമാണ് മെറ്റീരിയൽ പ്രവൃത്തി. സാമ്പത്തിക വർഷം മുതൽ നാളിതു വരെ കോൺക്രീറ്റ് കട്ടകളുടെ നിർമ്മാണത്തിനായി 1879932/- രൂപയുടെ മെറ്റീരിയലുകൾ ഉപയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. കൂലിയടക്കം മൊത്തം 2858227/- രൂപ വിനിയോഗിച്ചതായും അറിയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ഒരു കോടിയിലേറെ തുക ഭൂവികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. 2758630/- രൂപ പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനും 2964240/- രൂപ വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.

മെറ്റീരിയൽ പ്രവൃത്തികൾ കൂടുതൽ ഏറ്റെടുത്ത് സ്ഥിരാസ്തികൾ സൃഷ്ടിയ്ക്കുന്നതിന് ഊന്നൽ നല്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- -

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- -

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 140000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ -36/19 | 131985 | 8015 |
| | 2018-19 | 400000 | അംഗനവാടി പോഷകാഹാര വിതരണം 16/19 | 384192 | 15808 |
| | 2018-19 | 806881 | life project-29/19 | 806881 | 0 |
| | 2018-19 | 300000 | പാൽ സബ്സിഡി-33/19 | 300000 | 0 |
| | 2018-19 | 1325464 | life project-90/19 | 1323195 | 2269 |
| | 2018-19 | 156250 | കന്നുകുട്ടി പരിപാലനം 2/19 | 75000 | 81250 |
| | 2018-19 | 350000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം21/19 | 341600 | 8400 |
| | Spil over | 150000 | പൊൻമാണിക്കുടം | 0 | 150000 |
| | ആകെ | 3628595 | | 3362853 | 265742 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1039725 | life project-29/19 | 1039725 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പെരിഞ്ഞനം ജി യു പി എസ് കെട്ടിടത്തിലേക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ S166/19 | 21801006 dt20/2/2019 | 30828 | 0 | (UC ലഭ്യമാക്കിയിട്ടില്ല) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission-HUDCO Plan | GO 68/2018/LSGD dt 18.5.2018 | 1,03,26,805 | 0 | 0 | 0 | 1,03,26,805 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

| | | |
|---|---|---|
| 1 | നിക്ഷേപം – മുന്നിരിപ്പ് | 7000/- |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 4000000 |
| 3 | ആകെ | 4007000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4007000 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,66,21,398 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,97,02,466 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 |
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 |
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി3)182/16തി.10.02.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)1275/16തി.29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1734/16തി.19.10.2016 |
| 2016-17 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017 തീയതി: 23.09.2017/17.10.17 |
| 2017-18 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)491/2019 തീയതി: 15.6.19 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി3)90/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തിയ്യതി:23.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ

ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ